**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 937** **31-01-2024 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ എതൊക്കെ പ്രദേശങ്ങളാണ് ബഫർസോൺ മേഖലയായി നിർണ്ണയിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിലേക്ക് അയച്ചിരുന്ന കരട് മാപ്പിൽ പാലക്കാട് വൈൽഡ് ലൈഫ് സർക്കിളിന് കീഴിലെ സൈലൻ്റ് വാലി ഡിവിഷനു കീഴിൽ പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിലെ കള്ളമല, പാടവയൽ, പാലക്കയം, പയ്യനടം, മണ്ണാർക്കാട്, കോട്ടോപ്പാടം 1, അലനല്ലൂർ 3, കോട്ടോപ്പാടം 3 എന്നീ വില്ലേജുകളിലെ വനഭാഗം ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നുണ്ട്.<br><br>പീച്ചി വൈൽഡ് ലൈഫ് ഡിവിഷനു കീഴിൽ പാലക്കാട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന ചൂലന്നൂർ മയിൽ സങ്കേതത്തിന്റെ ചുറ്റുമായി പ്രൊപ്പോസ് ചെയ്തിട്ടുള്ള ഇക്കോ സെൻസിറ്റീവ് സോൺ മേഖലകളിൽ ആലത്തൂർ താലൂക്കിലെ പെരിങ്ങോട്ടുകരിശി II, കുത്തന്നൂർ II, തരൂർ I എന്നീ വില്ലേജുകളിലെ ചില പ്രദേശങ്ങളും, പീച്ചി-ചിമ്മിനി വന്യജീവി സങ്കേതത്തിനു ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോണിൽ പാലക്കാട് ജില്ലയിൽ കിഴക്കഞ്ചേരി വില്ലേജിൽ വരുന്ന ചില പ്രദേശങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.<br><br>പറമ്പിക്കുളം ഡിവിഷനു കീഴിൽ പാലക്കാട് ജില്ലയിൽ നെൻമാറ ഡിവിഷൻ പരിധിയിലുള്ള വന പ്രദേശങ്ങളാണ് പറമ്പിക്കുളത്തിന്റെ ഇക്കോ സെൻസിറ്റീവ് സോൺ ആയി നിർണ്ണയിച്ചിട്ടുള്ളത്. |
| (ബി) | ജനവാസകേന്ദ്രങ്ങളേയും കൃഷിയിടങ്ങളേയും ബഫർസോൺ മേഖലയിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | പാലക്കാട് വൈൽഡ് ലൈഫ് സർക്കിളിന് കീഴിലുള്ള പാലക്കാട് ജില്ലയിലെ സൈലൻറ് വാലി, പറമ്പിക്കുളം ഡിവിഷനുകളിലെ ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിച്ച ഇടങ്ങളിൽ ജനവാസ മേഖലയോ, കൃഷിയിടങ്ങളോ ഒന്നും തന്നെ ഇല്ല. പാലക്കാട് ജില്ലയുടെ ഭാഗമായി വരുന്ന പീച്ചി ഡിവിഷനിലെ ചൂലന്നൂർ മയിൽ സങ്കേതം, പീച്ചി-വാഴാനി വന്യജീവി സങ്കേതം എന്നിവയുടെ ഇക്കോ സെൻസിറ്റീവ് |

| | | | |
|---|---|---|---|
| | | | സോണിൽ ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കിയാണ് ഡീമാർക്കേറ്റ് ചെയ്ത് അന്തിമ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ